**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4078** **24.08.2017 ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.എ.എൻ.ഷംസീർ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സവങ്ങളോട്ടും ആഘോഷങ്ങളോടും അനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനപ്പെട്ട ഉത്സവങ്ങളോട്ടും ആഘോഷങ്ങളോട്ടും അനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നുണ്ട്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ വെള്ളറട കുരിശ്ശുമല തീർത്ഥാടനം, ശിവഗിരി തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല, ബീമാപള്ളി ഉറൂസ്, തിരുവനന്തപുരം കോർപ്പറേഷൻ സംഘടിപ്പിച്ച മേളകളോടനുബന്ധിച്ച് പുത്തരിക്കണ്ടം മൈതാനം എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുള്ളതാണ്. കൊല്ലം ജില്ലയിൽ കടയ്ക്കൽ തിരുവാതിര ഉത്സവത്തോടനുബന്ധിച്ചും, വയനാട് ജില്ലയിൽ മാനന്തവാടിയിൽ വള്ളിയൂർക്കാവ് ഉത്സവത്തോടനുബന്ധിച്ചും, പത്തനംതിട്ട ജില്ലയിൽ മാരാമൺ കൺവൻഷൻ, ചെറുകോൽപ്പുഴ ഹിന്ദുമതസമ്മേളനം, മഞ്ഞനിക്കര പെരുനാൾ, ആറൻമുള ജലോത്സവം എന്നിവയോടനുബന്ധിച്ചും, തൃശ്ശൂർ പൂരത്തോടനുബന്ധിച്ചും, വടക്കാഞ്ചേരി ഉത്രാളിക്കാവ് പൂരത്തോട |

| | | | |
|---|---|---|---|
| | | | നുബന്ധിച്ചും ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രോത്സവത്തോടനുബന്ധിച്ചും, സംസ്ഥാന സ്കൂൾ യുവജനോത്സവത്തോടനുബന്ധിച്ചും ലഹരി വിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ സജ്ജീകരിച്ച വരുന്നു. |
| (ബി) | വിമുക്തി മിഷന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും കോളേജുകൾ കേന്ദ്രീകരിച്ച് നാഷണൽ സർവ്വീസ് സ്കീമിന്റെ ലഹരി വിരുദ്ധ കലാജാഥകളും ക്യാമ്പും സംഘടിപ്പിക്കുന്നുണ്ടോ;വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. വിമുക്തി മിഷന്റെ സഹകരണത്തോടെ ജില്ലകളിൽ കോളേജുകൾ കേന്ദ്രീകരിച്ച് നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കലാജാഥകളും, ശില്പശാലകളും സംഘടിപ്പിച്ച വരുന്നുണ്ട്. കോളേജുകളിൽ നാഷണൽ സർവ്വീസ് സ്കീം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. |
| (സി) | ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചലച്ചിത്ര വികസന കോർപ്പറേഷനുമായി സഹകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ;വിശദമാക്കുമോ? | (സി) | ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചലച്ചിത്ര വികസന കോർപ്പറേഷനുമായി സഹകരിച്ച് നാല് ഹ്രസ്വചിത്രങ്ങൾ ചിത്രീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. കൂടാതെ വിമുക്തി മിഷന്റെ തീം സോംഗ് ചിത്രീകരണവും കെ.എസ്.എഫ്.ഡി.സി. യിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ